[9.30. P.M] മി. സ്പീക്കർ : ഇന്ന് റൂൾ 50 അനുസരിച്ച് ശ്രീ. കെ.എ. ചന്ദ്രനുൾപ്പെടെയുള്ള ബഹുമാനപ്പെട്ട മെമ്പർമാരുടെ ഒരു നോട്ടീസ് ചെയറിന് കിട്ടിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മണ്ണൂർ സഹകരണ ബാങ്കിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്. ഇത് ഒരു പ്രധാനപ്പെട്ട പ്രശ്നമായി ഉന്നയിക്കാൻ ശ്രദ്ധക്ഷണിക്കലിനുശേഷം ചെയർ അനുവദിക്കുന്നതാണ്. ഇപ്പോൾ ശ്രദ്ധ ക്ഷണിക്കൽ, ശ്രീ. ചെർക്കളം അബ്ദുള്ള.

## II. ശ്രദ്ധക്ഷണിക്കൽ

### (1) പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, പ്രവാസി മലയാളികളുടെ വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ അവർക്ക് അനുകൂലമായ പരിഹാരനടപടിയുണ്ടാകുന്നതിന് സർക്കാരിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും 'നോർക്ക'യുടെയും ശ്രദ്ധക്ഷണിക്കുകയാണ്. ഈ ആവശ്യത്തിന് നിയമസഭാംഗങ്ങൾ ഉൾപ്പെടുന്ന ഒരു ഉന്നതാധികാര സമിതിയെ നിയമിക്കണമെന്ന ആവശ്യം ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ താങ്ങി നിർത്തുന്ന വിദേശമലയാളികളെ രണ്ടാം തരം പൗരൻമാരായി കണ്ട് എല്ലാ രംഗങ്ങളിലും അവർക്ക് നീതി നിഷേധിക്കപ്പെടുന്ന സർക്കാർ നയത്തിൽ അടിയന്തിരമായി മാറ്റമുണ്ടാകണം. ലോകത്തിലെ വിവിധ രാജ്യങ്ങളിലായി ഏകദേശം 50 ലക്ഷത്തോളം മലയാളികൾ ജോലി ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു. ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്ന വിദേശമലയാളികളുടെ പുനരധിവാസത്തിന് ശാസ്ത്രീയമായ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണം. വിമാനചാർജ്ജ് കുറച്ച് സർവീസുകൾ കാര്യക്ഷമമാക്കുവാനും വിദേശമലയാളികൾക്ക് വോട്ടവകാശം വിനിയോഗിക്കുവാൻ അവസരമുണ്ടാക്കുവാനും വിദേശത്ത് മരണമടയുന്ന മലയാളികളുടെ മൃതദേഹങ്ങൾ കാലതാമസം കൂടാതെയും സൗജന്യമായും നാട്ടിൽ കൊണ്ടുവരാനും തൊഴിലില്ലായ്മ രൂക്ഷമായ കേരളത്തെ സാരമായി ബാധിച്ചിട്ടുള്ള വിസ നിയന്ത്രണം നീക്കം ചെയ്യുന്നതിന് വിദേശരാജ്യങ്ങളിലെ അധികൃതരുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് ഞാൻ അപേക്ഷിക്കുന്നു. പ്രവാസികൾക്ക് വോട്ടവകാശം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളാ ഹൈക്കോടതിയിൽ ഞാൻ ഒരു ഹർജി നൽകിയിരുന്നു. അതിന് കേരള സർക്കാർ എതിർ സത്യവാങ്മൂലം സമർപ്പിച്ചതിൽ പ്രവാസികൾക്ക് വോട്ടവകാശം നൽകാനാവില്ലെന്ന് പറഞ്ഞിരിക്കുന്നു. അക്കാര്യം ബഹുമാനപ്പെട്ട ഗവൺമെന്റ് വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ വിദേശ ഇൻഡ്യാക്കാർക്ക് ലോക്സഭ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ തപാൽ വോട്ട് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സുപ്രീംകോടതിയിൽ നൽകിയ ഒരു ഹർജി തള്ളിക്കൊണ്ട് നൽകിയ വിധിയിൽ ഈ പരാതി പാർലമെന്റിൽ ഉന്നയിക്കേണ്ടതാണെന്ന് സുപ്രീംകോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി പരിഹാരമുണ്ടാക്കുന്നതിനും സംസ്ഥാന ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. നമ്മുടെ എം.പി.മാർ ഇക്കാര്യത്തിൽ താൽപ്പര്യമെടുക്കണമെന്നും സാന്ദർഭികമായി അപേക്ഷിക്കാനാഗ്രഹിക്കുകയാണ്. വിദേശ മലയാളികൾ പുറം രാജ്യങ്ങളിൽ അനുഭവിക്കേണ്ടിവരുന്ന പീഡന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ, കേസ്സുകൾ, കുടുംബാംഗങ്ങളുടെ പ്രശ്നങ്ങൾ, വ്യാജവിസാ ഏജൻസികളുടെ പ്രവർത്തനങ്ങൾ തടയൽ, എയർപോർട്ടിലെ ചൂഷണങ്ങൾ, അനധികൃതമായി സ്ത്രീകളെ വിദേശത്ത് കടത്തൽ, അന്താരാഷ്ട്രീയ കുറ്റവാളികളുടെ പ്രവർത്തനം, അന്താരാഷ്ട്രീയ മയക്കുമരുന്നു മാഫിയകളുടെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള പരാതികൾ വിദേശമലയാളികളുടെ മക്കളുടെ വിദ്യാഭ്യാസം, പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശനം തുടങ്ങിയ ശ്രദ്ധേയമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനുള്ള വ്യക്തമായ വേദികൾ ഇന്ന് സംസ്ഥാനത്തില്ല. വിദേശ മലയാളി ക്ഷേമകാര്യവകുപ്പ്(നോർക്ക) എന്നൊരു വകുപ്പ് സർക്കാർ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പ്രയോജനം ബഹുഭൂരിപക്ഷംവരുന്ന ഇടത്തരം വിദേശമലയാളികൾക്ക് ഇന്നും അപ്രാപ്യമാണ്. വിദേശ മലയാളികളുടെ ക്ഷേമത്തെ മുൻനിർത്തി അവരുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിശോധിക്കുന്നതിനും പരിഗണിക്കുന്നതിനുമായി നിയമസഭാംഗങ്ങൾ ഉൾപ്പെടെയുള്ള ഒരു ഉന്നതാധികാര കമ്മിറ്റി രൂപീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കറുമായി ആലോചിച്ച് ഒരു നിയമസഭാ സമിതിതന്നെ രൂപീകരിക്കലായിരിക്കും ഏറ്റവും ഉചിതമെന്ന് ഞാൻ മനസ്സിലാക്കുന്നു. കഴിഞ്ഞ വർഷം ജനുവരി 22-ാംതീയതി ബഹുമാനപ്പെട്ട കേരളാ ഗവർണ്ണർ ഈ സഭയിൽ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞിരുന്നു. "പുറം രാജ്യങ്ങളിലേയ്ക്ക് പോകുവാൻ സാധ്യതയുള്ളവർക്ക് നാട് വിട്ടുപോകുന്നതിനുമുമ്പായി പരിശീലനം നൽകുവാനും തിരിച്ചുവരുന്നവർക്കായി പുനരുൽഗ്രഥന പരിശീലനവും പ്രവാസികളായ കേരളീയർക്ക് പുനരധിവാസത്തിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനായി ഒരു ഫണ്ടും ഒരു പെൻഷൻ പദ്ധതിയും ഈ വർഷം നടപ്പിലാക്കാൻ എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു". ഇതിൽ പറഞ്ഞിരിക്കുന്ന പരിശീലന പദ്ധതിയോ, പുനരധിവാസ പദ്ധതികളോ നിർദ്ദിഷ്ട പെൻഷൻ പദ്ധതിയോ ഇതുവരെയും നടപ്പിലാക്കിയതായി അറിയില്ല. വിദേശ മലയാളികൾ അത്യുൽസാഹപൂർവ്വം കാത്തിരുന്ന പെൻഷൻ പദ്ധതി തുടങ്ങിയിട്ടുപോലുമില്ല. ബഹുമാനപ്പെട്ട ഗവർണ്ണറെ ഈ സഭയിൽ വിളിച്ച് പ്രസംഗിപ്പിച്ച കാര്യമാണിത്. നിർദ്ദിഷ്ട പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താൻ സർക്കാർ തയ്യാറാകണം. വിദേശ മലയാളികളുടെ പുനരധിവാസത്തിന് പദ്ധതികൾ ആവിഷ്കരിക്കുമെന്ന് ബഹുമാനപ്പെട്ട ഗവർണ്ണറെ കൊണ്ട് ഈ സഭയിൽ പ്രസംഗിപ്പിച്ച ഇടതുപക്ഷ സർക്കാർ തന്നെ വിദേശ മലയാളികൾക്ക് ദോഷം ചെയ്യുന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന് തെളിവുകളുണ്ട്. വിദേശങ്ങളിൽ ജോലി ചെയ്യുന്ന മലയാളി സ്ത്രീകളിൽ നല്ലൊരു ഭാഗം നേഴ്സുമാരാണ്. സംസ്ഥാനത്തെ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിൽനിന്നും വരുന്നവരാണ് മലയാളി നേഴ്സുമാരിൽ നല്ലൊരു ഭാഗം. വിവാഹം, കുടുംബപ്രശ്നങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ പ്രശ്നങ്ങളാൽ ശരാശരി ആറോ ഏഴോ വർഷത്തിൽ കൂടുതൽ വിദേശത്ത് ജോലിയിൽ തുടരുവാൻ അവർക്ക് സാധിക്കുന്നില്ല. തിരിച്ചുവരുന്നവരിൽ നല്ലൊരു വിഭാഗത്തിനും സർക്കാർ സർവ്വീസിൽ പ്രവേശിക്കാൻ കഴിയാതെ വരുന്നു. 1996 വരെ സംസ്ഥാന ആരോഗ്യവകുപ്പിൽ സ്റ്റാഫ് നേഴ്സുമാരുടെ നിയമനപ്രായപരിധി 40 വയസ്സായിരുന്നു. എന്നാൽ ഈ സർക്കാർ 1996-ൽ ആരോഗ്യകുടുംബക്ഷേമവകുപ്പിൽനിന്നും പുറപ്പെടുവിച്ച 25.9.99-ലെ ജി.ഒ. (എം.എസ്) നം. 328/96/ആരോഗ്യ കുടുംബക്ഷേമം നമ്പരിലുള്ള ഉത്തരവു വഴി ഉയർന്ന പ്രായപരിധി 35 വയസ്സായി കുറച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. വിദേശജോലി കഴിഞ്ഞ് തിരിച്ചെത്തുന്ന അനവധി

LIBRARY ARCHIVES Kerala Legislative Assembly

നേഴ്സുമാരെ ഈ ഉത്തരവ് വിഷമത്തിലാക്കിയിരിക്കുകയാണ്. വിദേശ മലയാളികളുടെ പുനരധിവാസ പ്രക്രിയയുടെ ഭാഗമായി ഈ ഉത്തരവ് പിൻവലിച്ച് ഉയർന്ന നിയമന പ്രായപരിധി 40 വയസ്സായി തന്നെ നിജപ്പെടുത്താൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

എമിഗ്രേഷൻ നിയമത്തിൽ കാലോചിതമായി മാറ്റം വരുത്താനും നിലവിലുള്ള നിയമം റിലാക്സ് ചെയ്യാനും നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. ജനിച്ചു വീഴുന്ന കുഞ്ഞിനുപോലും പ്രത്യേക പാസ്പോർട്ട് വേണമെന്നു പറയുന്ന പുതിയ നിയമമാണിപ്പോൾ ഉള്ളത്. നേരത്തേ ഉണ്ടായിരുന്നതുപോലെ അച്ഛന്റെയോ അമ്മയുടെയോ പാസ്പോർട്ടിൽ കുട്ടികളെ കൂടി ഉൾപ്പെടുത്തി കൊടുക്കുന്ന നടപടി തുടരാൻ ആവശ്യമായ ശുപാർശകൾ നടത്താണമെന്ന് അപേക്ഷിക്കുന്നു. പ്രവാസികൾ വർഷങ്ങൾ ജോലി ചെയ്ത് നാട്ടിലേയ്ക്ക് പുറപ്പെടാൻ തീരുമാനിച്ചാൽ ടെൻഷൻ ആരംഭിക്കുകയായി. എയർപോർട്ടും കസ്റ്റംസും എന്ന കടമ്പ കടക്കാൻ, നാട്ടിൽ ചെന്ന് ഒരു വീട് വയ്ക്കണമെന്ന് വിചാരിച്ചാൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ കയറ്റവും ഇറക്കവും തുടങ്ങി വൈദ്യുതി, ടെലിഫോൺ കണക്ഷൻ ലഭിക്കാൻ നേരിടുന്ന പ്രയാസങ്ങളും ചില്ലറയല്ല. പ്രവാസികളുടെ വിദേശപ്പണം നമ്മുടെ രാജ്യത്തിന് മുതൽക്കൂട്ടാകുമ്പോൾ അവർക്ക് ഏതെങ്കിലും തരത്തിലുള്ള മുൻഗണന സർക്കാർ ഭാഗത്തുനിന്നും ലഭിക്കണം. പ്രവാസി മലയാളികൾക്ക് അതില്ല. ഇൻഡ്യയിൽ അവരൊഴുക്കുന്ന ഗൾഫ് പണം ചില്ലറയൊന്നുമല്ലല്ലോ. ഗൾഫിലെ തൊഴിൽ സാദ്ധ്യതകൾ പല വിധേനയായി കുറഞ്ഞുവരുന്നു. ഈ സാഹചര്യത്തിലെ രാജ്യത്തെ തൊഴിൽസാധ്യത വർദ്ധിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുകയും പ്രവാസികൾക്ക് പല കാരണങ്ങളാലും നിഷേധിക്കപ്പെടുന്ന ക്ഷേമനിധിയും തൊഴിലവകാശമുള്ള ആനുകൂല്യങ്ങളും നൽകുന്നതിന് നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിലില്ലായ്മ രൂക്ഷമായ നമ്മുടെ സംസ്ഥാനത്തുനിന്നും ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലും, മുംബൈ, ഡെൽഹി, കൽക്കത്ത, ബാംഗ്ലൂർ തുടങ്ങിയ മഹാനഗരങ്ങളിലും മറ്റും തൊഴിൽതേടി പോയിട്ടുള്ള മലയാളികളും അനവധിയാണ്. അന്യസംസ്ഥാനങ്ങളിൽ അവർ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളുടെ കഥകൾ ഇടയ്ക്കിടെ പത്രങ്ങളിൽ വരാറുണ്ട്. ഭാഷാപരവും ജാതീയവും, സാംസ്കാരികവുമായ വിവിധ പീഡനങ്ങൾ അവർക്ക് അനുഭവിക്കേണ്ടി വരുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ തൊഴിൽ തേടിപ്പോയി സ്ഥിരവാസം ആയവരെപ്പോലും അവരുടെ സംസ്ഥാനത്തിന്റെ മുഖ്യധാരയിൽ നിന്നകറ്റി നിർത്തുന്ന പ്രവണത വ്യാപകമാണ്. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ തൊഴിൽ തേടിപ്പോയിട്ടുള്ള മലയാളികളുടെ സംഖ്യയും വളരെ കൂടുതലാണ്. ഭാഷാപരമായ വിവേചനവും പീഡനങ്ങളും ഏറെക്കാലമായി അനുഭവിക്കുന്ന ഇക്കൂട്ടരുടെ പരാതികൾ കേൾക്കുവാനോ പരിഹരിക്കാനോ ഇന്നിവിടെ പ്രത്യേക സംവിധാനങ്ങളില്ല. വിദേശമലയാളി ക്ഷേമകാര്യവകുപ്പിന്റെ പരിധിയിൽ ഇവരുടെ കാര്യങ്ങൾ പരിശോധിക്കാൻ ഇന്ന് വകുപ്പില്ല. വിദേശ മലയാളികളുടെയും മറുനാടൻ മലയാളികളുടെയും വിവിധങ്ങളായ പരാതികൾ പരിഹരിക്കുന്നതിനും വിദേശമലയാളിക്ഷേമകാര്യവകുപ്പിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുമായി നിയമസഭാംഗങ്ങൾ ഉൾപ്പെട്ട ഒരു നിയമസഭാ കമ്മിറ്റിയോ നിയമസഭാംഗങ്ങൾ ഉൾപ്പെട്ട ഒരു ഉന്നതാധികാര സമിതിയോ രൂപീകരിക്കുകയും വിവിധ ജില്ലകളിൽ സിറ്റിംഗുകൾ വച്ച് വിദേശ മലയാളികളിൽ നിന്നും മറുനാടൻ മലയാളികളിൽ നിന്നും അവരുടെ കുടും

LIBRARY ARCHIVES Kerala Legislative Assembly

ബാംഗങ്ങളിൽ നിന്നും പരാതികൾ സ്വീകരിക്കുകയും പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 'നോർക്ക'യുടെ പ്രവർത്തന പരിധിയിൽ മറുനാടൻ മലയാളികളെക്കൂടി ഉൾപ്പെടുത്തണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു. ഈ വളരെ പ്രധാനപ്പെട്ട കാര്യത്തിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും സഭയുടെയും ശ്രദ്ധക്ഷണിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കേരളത്തിന്റെ സമ്പദ്ഘടനയെ പരിപോഷിപ്പിച്ചുവരുന്ന പ്രവാസി കേരളീയരുടെ സേവനം എക്കാലത്തും അംഗീകരിക്കുകയും മതിപ്പ് പ്രകടിപ്പിക്കുകയും ചെയ്തിട്ടുള്ള സർക്കാരാണിത്. അവരുടെ സേവനം വിലകുറച്ചുകാണുകയോ രണ്ടാംതരം പൗരന്മാരായി കണക്കാക്കുകയോ ചെയ്യുന്നില്ല. പ്രവാസികേരളീയരുടെ സേവനത്തിനുള്ള അംഗീകാരമെന്ന നിലയിൽത്തന്നെയാണ് അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കും അവരിൽ നിന്നുള്ള പരാതികൾ സ്വീകരിക്കാനുമുള്ള ഒരു സംവിധാനമായി 1996 ഡിസംബർ 6-ന് ഈ സർക്കാർ പ്രവാസികേരളീയ കാര്യവകുപ്പ് (നോർക്ക) രൂപീകരിച്ചത്. ഈ ഉദ്യമത്തെ കേന്ദ്ര ഗവൺമെന്റ് തന്നെ അഭിനന്ദിക്കുകയും ഇതര ഇൻഡ്യൻ സംസ്ഥാനങ്ങളോട് ഇത് മാതൃകയാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 'നോർക്ക'യുടെ പ്രവർത്തനം സംസ്ഥാനത്തും സംസ്ഥാനത്തിനു വെളിയിലും ഇൻഡ്യക്ക് പുറത്തും പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. പ്രവാസി മലയാളികൾക്ക് നീതി നിഷേധിക്കപ്പെടുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ 'നോർക്ക' ഇടപെട്ട് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാറുണ്ട്. യു.എ.ഇ., സൗദി അറേബ്യ എന്നിവിടങ്ങളിൽ നിന്നും തിരിച്ചയക്കപ്പെട്ട കേരളീയർ, കുവൈറ്റിലെ ഇൻഡ്യൻ എംബസിയിൽ അഭയം തേടിയ കേരളീയ നഴ്സുമാർ, വിദേശങ്ങളിൽ വീട്ടുജോലി ചെയ്യുന്ന കേരളീയ വനിതകൾ, തൊഴിൽ ഇല്ലാതെ അലയുന്നവർ എന്നിവർക്കെല്ലാം സഹായമെത്തിക്കാൻ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്.

[9.45 A.M]

*[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഡെപ്യൂട്ടി സ്പീക്കർ]*

വിവിധ രാജ്യങ്ങളിലായി 25 ലക്ഷത്തോളം കേരളീയർ പണിയെടുക്കുന്നുവെന്നാണ് അനുമാനം. ജോലി നഷ്ടപ്പെട്ടു മടങ്ങുന്ന മലയാളികളുടെ പുനരധിവാസത്തിന് ശാസ്ത്രീയ പദ്ധതികൾ നടപ്പാക്കാൻ തുടക്കമിട്ടുകഴിഞ്ഞു. 'നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി'യുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങളിൽ ഒന്നു തന്നെ ഇവരുടെ പുനരധിവാസമാണ്. ഇവരെപ്പറ്റി സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് നടത്തിയ ഒരു പഠനത്തിന്റെ വെളിച്ചത്തിൽ യുണൈറ്റഡ് നാഷന്റെ ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷന്റെ സഹായത്തോടെ പുനരധിവാസ പദ്ധതികളെക്കുറിച്ച് പഠനം നടത്താനുള്ള സാധ്യത ആരാഞ്ഞുവരികയാണ്. പുനരധിവാസത്തിന്റെ ഭാഗമായി 7 ജില്ലകളിൽ ഇതിനകം പ്രവാസി സംഘങ്ങൾ സംഘടിപ്പിച്ചു കഴിഞ്ഞു. 'സ്വാശ്രയസംഘങ്ങൾ' രൂപീകരിച്ച് പുനരധിവാസം നടപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. വിമാനചാർജ് കുറയ്ക്കുന്നത് സംബന്ധിച്ച് കേന്ദ്ര സിവിൽ ഏവിയേഷൻ അധികൃതരുമായി ബന്ധപ്പെട്ടുവരികയാണ്. വിദേശത്ത് മരണമടയുന്ന മലയാളികളുടെ മൃതദേഹം കാലതാമസമില്ലാതെ നാട്ടിലെത്തിക്കുന്നതിന് എംബസികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന സർക്കാർ മുൻകൈയെടുത്തു നടപ്പിലാക്കിയ പ്രവാസി സുരക്ഷാ പദ്ധതിയിൽ വിദേശത്തുവച്ച് മരണമടയുന്ന മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിനുപുറമേ അർഹമായ സന്ദർഭങ്ങളിൽ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കുന്നതിനായി ഒരു



LIBRARY ARCHIVES Kerala Legislative Assembly

'എമർജൻസി റീപാട്രിയേഷൻ ഫണ്ടും' ഗവൺമെന്റ് രൂപീകരിച്ചുകഴിഞ്ഞു. സംസ്ഥാനഗവൺമെന്റ് കൈക്കൊണ്ട തികച്ചും നൂതനമായ ഒരു നടപടിയാണി തെന്ന് ഏവരും അംഗീകരിക്കുമല്ലോ. യു.എ.ഇ. ഗവൺമെന്റ് ഏർപ്പെടുത്തിയ വിസ നിയന്ത്രണം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ കേരളീയർക്ക് ബുദ്ധിമുട്ടുണ്ടാകാ ത്തവിധം വേണ്ട നടപടികൾ സ്വീകരിക്കാനായി കേന്ദ്ര വിദേശകാര്യവകുപ്പിനോട് സംസ്ഥാന ഗവൺമെന്റ് അഭ്യർത്ഥിച്ചിരുന്നു. നയതന്ത്രമാർഗ്ഗങ്ങളിലൂടെ പരി ഹാരം കാണേണ്ട ഒരു പ്രശ്നമാണിത്. വിദേശമലയാളികളുടെ വോട്ടവകാശം സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്. ജനപ്രാതിനിധ്യം സംബന്ധിച്ച് നിലവിലുള്ള കേന്ദ്രനിയമത്തിൽ ഭേദഗതി വരുത്തിയാലേ വോട്ടവ കാശം സാധ്യമാകൂ. 1950-ലെ ജനപ്രാതിനിധ്യനിയമത്തിലെ 19-ാം വകുപ്പനുസ രിച്ച് ഒരു നിയോജകമണ്ഡലത്തിൽ സാധാരണ താമസക്കാരനല്ലാത്ത ഒരാൾക്ക് ആ നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേര് രജിസ്റ്റർ ചെയ്യാൻ അർഹതയില്ല. ഇക്കാരണത്താൽ സ്ഥിരതാമസക്കാരല്ലാത്ത വിദേശമലയാളി കൾക്ക് വോട്ടവകാശം ലഭിക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് ശ്രീ. ചെർക്കളം അബ്ദുള്ള എം.എൽ.എ. ഹയൽ ചെയ്ത 7999/99-ാം നമ്പർ ഒ.പി.കേരള ഹൈക്കോടതിയിൽ നിലവിലുണ്ട്. പ്രസ്തുത ഒ.പി.യിന്മേൽ സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിൽ മേൽപ്പറഞ്ഞ കാരണത്താൽ പ്രവാസികൾക്ക് വോട്ടവകാ ശത്തിന് ഇപ്പോൾ അർഹതയില്ലെന്ന വിവരം ബോധിപ്പിച്ചിട്ടുണ്ട്. വിദേശമലയാളി കൾ പുറം രാജ്യങ്ങളിൽ നേരിടുന്ന പീഡനങ്ങൾ, കേസുകൾ, കുടുംബാംഗങ്ങ ളുടെ പ്രശ്നങ്ങൾ, വ്യാജവിസാ ഏജൻസികളുടെ പ്രവർത്തനങ്ങൾ, എയർ പോർട്ടിലെ ചൂഷണം, അനധികൃതമായി സ്ത്രീകളെ വിദേശത്ത് കടത്തൽ, വിദേ ശമലയാളികളുടെ മക്കളുടെ വിദ്യാഭ്യാസം, പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശനം എന്നിവ സംബന്ധിച്ച നിവേദനങ്ങളും പരാതികളും 'നോർക്ക'യുമാ ബന്ധപ്പെട്ട മറ്റ് വകുപ്പുകളും സ്വീകരിച്ച് നടപടിയെടുക്കുന്നുണ്ട്. മയക്കുമരുന്ന് മാഫിയ, അന്താരാഷ്ട്രീയ മയക്കുമരുന്ന് മാഫിയകൾ തുടങ്ങിയവയുടെ പ്രവർ ത്തനങ്ങൾക്കെതിരെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ആവശ്യമായ അവസര ങ്ങളിൽ ഇടപെട്ടുവരുന്നു. അത് 'നോർക്ക'യുടെ പ്രവർത്തനപരിധിയിൽപ്പെടുന്ന തല്ല. 'നോർക്ക'യുടെ പ്രവർത്തനം ഭൂരിപക്ഷം മലയാളികൾക്കും അപ്രാപ്യമാ ണെന്ന ആരോപണം ശരിയല്ല. വിദേശ സന്ദർശനത്തിനിടെ എനിക്കു തന്നെ 'നോർക്ക'യുടെ പ്രവർത്തനത്തിൽ വിദേശമലയാളികൾ പ്രകടിപ്പിച്ച മതിപ്പ് നേരി ട്ടറിവുള്ളതാണ്. വിദേശമലയാളികളിൽ നിന്ന് നോർക്കയിൽ നിത്യേന ലഭിക്കുന്ന നിരവധി നിവേദനങ്ങൾതന്നെ വകുപ്പിന് അവരുടെ ഇടയിലുള്ള സ്വീകാര്യത വ്യക്തമാക്കുന്നു. വിദേശമലയാളിക്ഷേമത്തിനായി നടപ്പിലാക്കുന്ന പ്രവാസി സുരക്ഷ കുടുംബാരോഗ്യപദ്ധതിയിൽ ഇതിനകം ഒന്നേകാൽ ലക്ഷത്തോളം കേര ളീയർ ചേർന്നു കഴിഞ്ഞുവെന്നതും അഭിമാനകരമാണ്. ബഹുമാനപ്പെട്ട ഗവർ ണർ നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽ സൂചിപ്പിച്ച ഫ്രീ ഡിപ്പാർച്ചർ ട്രെയി നിംഗിനും റീ ഇന്റഗ്രേഷൻ ട്രെയിനിംഗിനും ഉള്ള പദ്ധതികൾ 'നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി' യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നതി നുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള വിശദാംശങ്ങൾ ഫിനാൻസ് എക്സ്പെൻഡിച്ചർ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു സമിതി പഠിച്ചുവരികയാണ്. 'ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ട്' നടപ്പി ലാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിവരികയാണ്. ഇവയെല്ലാം തന്നെ തികഞ്ഞ ആത്മാർത്ഥതയോടെ ഈ സർക്കാർ നടപ്പാക്കുക തന്നെ ചെയ്യും. വിദേശത്ത് ജോലി കഴിഞ്ഞ് തിരിച്ചെത്തുന്ന കേരളീയർക്ക് സംസ്ഥാന സർവ്വീ സിൽ നിയമനഉത്തരവ് ലഭിച്ചു കഴിഞ്ഞാൽ ജോലിയിൽ പ്രവേശിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ആറു മാസം വരെ സമയം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ വകുപ്പിലുള്ള നേഴ്സുമാർക്കു വിദേശത്തു ജോലിക്ക് പോകുന്നതിനുവേണ്ടി ദീർഘകാല അവധി നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ സർവ്വീസിൽ ജോലിക്ക് അപേക്ഷിക്കേണ്ട പ്രായപരിധി 35 വയസ് എന്നാക്കിയത് നഴ്സുമാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നില്ല. എയർപോർട്ടിലും കസ്റ്റംസിലും വിദേശമലയാളികൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി ഞാൻ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഫലമായി അനാവശ്യമായി ഇവരെ പീഡിപ്പിക്കരുതെന്ന് കസ്റ്റംസ് അധികൃതർക്ക് നിർദ്ദേശം നൽകിയതായി പ്രധാനമന്ത്രി അറിയിച്ചിട്ടുണ്ട്. വീട് വയ്ക്കുന്നതിന് വിദേശമലയാളികൾക്ക് മാത്രമായി പ്രത്യേകിച്ച് എന്തെങ്കിലും പ്രശ്നങ്ങൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്. പ്രവാസി മലയാളികൾക്ക് സർക്കാർ സർവ്വീസിൽ ചേരാനുള്ള സമയം ദീർഘിപ്പിച്ചതും അവരുടെ പേര് റേഷൻകാർഡിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചതും അവരുടെ സേവനം കണക്കിലെടുത്തുള്ള അംഗീകാരമാണ്. ഗൾഫിലെ മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ മേഖലയ്ക്കനുസൃതമായി അവരെ സജ്ജമാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. ഇതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ പ്രശ്നങ്ങൾ പരിശോധിക്കാൻ പ്രവാസി കേരളീയ കാര്യവകുപ്പിൽ സംവിധാനമില്ല എന്ന ആരോപണം ശരിയല്ല. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന മറുനാടൻ മലയാളികളുടെ വിവിധ പ്രശ്നങ്ങൾ നോർക്ക വകുപ്പ് തൃപ്തികരമായി കൈകാര്യം ചെയ്യുന്നുണ്ട്. വിദേശമലയാളികളുടെയും മറുനാടൻ മലയാളികളുടെയും പരാതികൾ കേൾക്കുന്നതിനും പരിഹാരനിർദ്ദേശങ്ങൾക്കുമായി നിയമസഭാംഗങ്ങൾ ഉൾപ്പെട്ട ഒരു ഉന്നതാധികാര സമിതി രൂപീകരിക്കണമെന്ന നിർദ്ദേശം പരിശോധിക്കുന്നതാണ്.

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : പ്രവാസി മലയാളികൾക്ക് വോട്ടവകാശമെന്ന നിരന്തരമായ ആവശ്യം സാക്ഷാൽക്കരിക്കുന്നതിന് പ്രസ്തുത വിഷയം പാർലമെന്റിൽ അവതരിപ്പിക്കണമെന്ന് സുപ്രീംകോടതി പറഞ്ഞിരിക്കുന്ന ആ സാഹചര്യത്തിൽ നമ്മുടെ എം.പി.മാരുടെ ഇടയിൽ ഈ കാര്യത്തിന് സമ്മർദ്ദം ചെലുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ആലോചിക്കുന്നതാണ്.

## (2) പട്ടയം ലഭിക്കുന്നതിന് കൈവശ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

<u>ശ്രീ. രാജു എബ്രഹാം</u> : സർ, കഴിഞ്ഞ രണ്ട് ദിവസങ്ങളിലും പട്ടയവുമായി ബന്ധപ്പെട്ട് ചർച്ചകൾ സഭയ്ക്കുള്ളിൽ നടക്കുകയുണ്ടായി. പട്ടയം ലഭിച്ചവർ നൽകേണ്ട നഷ്ടപരിഹാരത്തെ സംബന്ധിച്ചും മലബാർ മേഖലയിലെ കൃഷിക്കാർക്ക് പട്ടയം നൽകേണ്ടതു സംബന്ധിച്ചുമുള്ള ചർച്ചകളാണ് നടന്നത്. എന്നാൽ പട്ടയം നൽകാൻ തീരുമാനിച്ചിരുന്ന 5 ജില്ലകളിൽ ഇനിയും പട്ടയം ലഭിച്ചാൽ വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്ന പതിനായിരക്കണക്കിന് കൃഷിക്കാരുണ്ട്. ഇവരുടെ പേരുകൾ പട്ടയ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്പോൾ പട്ടയം ലഭിച്ചവരുടെയും ലിസ്റ്റിൽ പേര് ഉൾപ്പെടുത്താത്തവരുടെയും ഭൂമികൾ ഒരേസമയം ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞതാണ്. ഒരേ സമയം ഒരേ ഉദ്യോഗസ്ഥൻമാർ തന്നെയാണ് ഈ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിരിക്കുന്നത്. പക്ഷേ പതിനായിരക്കണക്കിന് കൃഷിക്കാർ ഈ ലിസ്റ്റിൽ നിന്നും തഴയപ്പെട്ടുപോയി. ഇതിൽ പ്രത്യേകിച്ച് പത്തനംതിട്ട ജില്ലയിലെ 60 ഹെക്ടർ സ്ഥലം മാത്രമാണ് ഇപ്പോഴത്തെ ലിസ്റ്റിനകത്ത് അവർ ഉൾപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly